LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയപാതയും ബൈപ്പാസും വരുന്നതുവഴി കെ.എസ്.ഇ.ബി.-യുടെ വിതരണ ശൃംഖലയ്ക്ക് വരുന്ന മാറ്റങ്ങളും അവയ്ക്കുള്ള പ്രതിവിധികളും സംബന്ധിച്ച് കെ.എസ്.ഇ.ബി. ഏതെങ്കിലും തരത്തിലുള്ള മുന്നൊരുക്ക പഠനങ്ങൾ/പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

തയ്യാറാക്കിയിട്ടുണ്ട്. ദേശീയപാതാ അതോറിറ്റിയുടെ പ്ലാൻ അനുസരിച്ച് വൈദ്യുതി വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുന്നതിനായി പുതിയ ലൈനുകളുടെ നിർമ്മാണം അടക്കമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. പുതിയ ലൈനുകൾ സ്ഥാപിച്ചതിനുശേഷമാണ് പഴയ ലൈനുകൾ അഴിച്ചുമാറ്റുന്നത്.

(സി) വൈദ്യുതി തടസ്സം സൃഷ്ടിക്കാതെ യൂട്ടിലിറ്റി ഷിഫ്റ്റിംഗുകൾ എളുപ്പത്തിലാക്കാൻ കെ.എസ്.ഇ.ബി. മുൻകയ്യെടുക്കുമോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ പരമാവധി വൈദ്യുതി തടസ്സം ഉണ്ടാകാത്ത രീതിയിൽ പുതിയ ലൈനുകൾ സ്ഥാപിച്ചശേഷം പഴയ ലൈനുകൾ മാറ്റുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

കോവിഡ് കാലത്ത് ഉപഭോക്താക്കൾക്ക് നൽകിയ സേവനങ്ങൾ

297(682) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകിയ സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കോവിഡിന്റെ ഭാഗമായി വിവിധ ഇളവുകൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ബോർഡ് സ്വമേധയായും നൽകിയിട്ടുണ്ട്. ഇളവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

(1) സംസ്ഥാന ഗവൺമെന്റ്, കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗവുമായി ബന്ധപ്പെട്ട്, വിവിധ വിഭാഗം ഉപഭോക്താക്കളുടെ കഷ്ടതകൾ കണക്കിലെടുത്ത് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജിൽ വ്യവസായിക/വാണിജ്യ ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും 25 ശതമാനം ഇളവ് അനുവദിക്കുകയും ബാക്കിയുള്ള തുക (75 ശതമാനം) പലിശരഹിതമായി അടയ്ക്കുന്നതിന് 15-12-2020 വരെ സാവകാശം നൽകുകയും ചെയ്തിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ. ഇളവ് നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

(2) കോവിഡ് കാലത്ത് മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വലിയ തോതിലുള്ള ഉപഭോഗംമൂലം ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ വർദ്ധനവുമൂലമുള്ള അധികഭാരം ലഘൂകരിക്കാൻ ഗവൺമെന്റ്, 26-6-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ.(സാധാ) നമ്പർ 80/2020/ഊ.വ) സബ്സിഡി അനുവദിച്ചിരുന്നു. 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന ബിൽ തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്. ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപഭോഗ പരിധിയില്ലാതെ സൗജന്യമായി (20-4-2020 മുതൽ 19-6-2020 വരെ ലഭിക്കുന്ന ബില്ലിൽ) നൽകിയിട്ടുണ്ട്. ഇതിനുപുറമേ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയെക്കാൾ കൂടുതലായി വന്ന ബിൽ തുകയുടെ നിശ്ചിത ശതമാനവും ആയതിനുള്ള സബ്സിഡി നിരക്കും കാണിച്ചുകൊണ്ടുള്ള പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(3) സിനിമ മേഖലയിലെ, കോവിഡ് അനുബന്ധ കഷ്ടതകൾ കണക്കിലെടുത്ത്, 28-1-2021-ലെ സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം, സിനിമ തീയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാന്റ് ചാർജിൽ, 1-6-2020-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം നൽകിയ 25 ശതമാനം ഇളവുകൾ 50 ശതമാനം ആയി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ഡിമാന്റ് ചാർജിൽ 50 ശതമാനം ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടയ്ക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി. വിഭാഗത്തിൽ 371 സിനിമാ തീയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തീയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. സൂചനയിലെ രണ്ട് ഗവൺമെന്റ് ഉത്തരവുകൾക്കും വിധേയമായി 3.87 കോടി രൂപയുടെ ഇളവുകളാണ് ആകെ നൽകിയത്. സംസ്ഥാനത്തെ മറ്റേതൊരു മേഖലകളെക്കാളും വൈദ്യുതി ചാർജ്ജിനത്തിൽ കൂടുതലായി ഇളവുകൾ ലഭ്യമായത് സിനിമാ തീയേറ്ററുകൾക്കാണ്.

(4) കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിന്റെ 28-6-2021-ലെ ഉത്തരവ് പ്രകാരം, വാണിജ്യ/വ്യവസായിക ഉപഭോക്താക്കൾക്ക് 2021 മേയ് മാസത്തെ ഫിക്സഡ്/ഡിമാന്റ് ചാർജിൽ 25

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം ഇളവും സിനിമാ തീയേറ്ററുകൾക്ക് 2021 മേയ് മാസത്തെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ 50 ശതമാനം ഇളവും ബാക്കിയുള്ള തുക പലിശരഹിതമായി മൂന്ന് തവണകളായി അടയ്ക്കുന്നതിന് 30.9.2021 വരെ സാവകാശവും നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം സിനിമാ തീയേറ്ററുകൾക്ക് 38 ലക്ഷം രൂപയുടെയും വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്ക് 24.37 കോടി രൂപയുടെയും ഇളവുകളാണ് നൽകിയിട്ടുള്ളത്.

(5) സംസ്ഥാനത്ത് നാളിതുവരെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് 279.82 കോടി രൂപയുടെ സബ്സിഡി വിവിധയിനം ഉപഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. എന്നാൽ മറ്റ് പല സംസ്ഥാനങ്ങളും നാമമാത്രമായ ഇളവുകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

(6) കൂടാതെ ഓൺലൈൻ വഴി പണമടയ്ക്കുന്നവർക്ക് ട്രാൻസാക്ഷൻ ചാർജ്ജ് ഒഴിവാക്കുകയും (31-7-2020 വരെ) ക്യാഷ് ബാക്ക് സൗകര്യം ഏർപ്പെടുത്തുകയും (31-12-2020 വരെ) 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ബില്ലുകൾ 31-5-2020 വരെ പലിശരഹിതമായി അടയ്ക്കുന്നതിനുള്ള സാവകാശം നൽകുകയും ചെയ്തിരുന്നു.

(ബി) കോവിഡ് സാഹചര്യം പരിഗണിച്ച് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് കൂടുതൽ സാവകാശം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് മഹാമാരിമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഗവൺമെന്റ് നിർദ്ദേശ പ്രകാരം കോവിഡ് കാലഘട്ടത്തെ വൈദ്യുതി തുക കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തിവച്ചതിന്റെ ഫലമായി കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുകയിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കുടിശ്ശിക തുക അടയ്ക്കുവാൻ ബുദ്ധിമുട്ടുള്ള ഉപഭോക്താക്കൾക്ക് ആവശ്യപ്പെടുന്നപക്ഷം തവണകൾ അനുവദിച്ച് സാവകാശം നൽകുന്നുണ്ട്.

ഒറ്റപ്പാലത്തെ റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

298 (683) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റോഡ് നവീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി ഒറ്റപ്പാലം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?